(ഡി) റിപ്പോർട്ട് പരിശോധിച്ചിട്ടില്ലെങ്കിൽ എന്നേയ്ക്ക് പരിശോധിക്കുമെന്ന് അറിയിക്കുമോ;

(ഇ) സംസ്ഥാനത്തെ സർക്കാർ ഫാമുകൾ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര നഷ്ടം വരുത്തി എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 3.2.2000-ത്തിൽ ആണ് റിപ്പോർട്ട് സർക്കാരിന് ലഭിച്ചത്.

(ബി)-(ഡി)റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം തയ്യാറാകൂ എങ്കിലും വലിയ സാമ്പത്തിക ബാദ്ധ്യതയില്ലാത്തതും കൃഷി ഡയറക്ടറേറ്റ് തലത്തിൽ നടപടികൾ സ്വീകരിക്കാവുന്നതുമായ ശുപാർശകൾ നടപ്പിലാക്കി വരുന്നു.

(ഇ) 8.43 കോടിയിലധികം രൂപയുടെ നഷ്ടം വരുത്തിയിട്ടുണ്ട്.

വയനാട് ജില്ലയിലെ നെൽവിത്തു വിതരണം

119(1945) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകൾ മുഖേന അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്തുകൾ വയനാട് ജില്ലയിൽ ഏത് മാസത്തിലാണ് വിതരണം ചെയ്യാറുള്ളത്;

(ബി) കൃഷിയിറക്കുന്ന സമയം കഴിഞ്ഞതിനുശേഷമാണ് വയനാട് ജില്ലയിൽ നെൽവിത്തുകൾ വിതരണം ചെയ്യുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏപ്രിൽ, മെയ് മാസങ്ങളിൽ മേന്മയുള്ള നെൽ വിത്തുകൾ വിതരണം ചെയ്താൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ കഴിയും എന്ന കർഷകരുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഏപ്രിൽ മെയ് മാസങ്ങളിലെ ഗുണമേന്മയുള്ള നെൽവിത്തുകൾ വയനാട് ജില്ലയിൽ വിതരണം ചെയ്യുന്നതിന് നടപടി കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജൂൺ-ജൂലൈ മാസങ്ങളിലും രണ്ടാം വിള പുഞ്ച കൃഷിക്ക് ഡിസംബർ-ജനുവരി മാസങ്ങളിലുമാണ് നെൽവിത്ത് വിതരണം ചെയ്യാറുള്ളത്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) 2000-2001-ൽ മാത്രം വിളയ്ക്ക് ഏപ്രിൽ മെയ് മാസങ്ങളിൽ ഗുണമേന്മയുള്ള വിത്ത് വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly